കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കതിരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2016-17

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.9/1279/ 2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ ജില്ല,

E-mail: doknr.ksad@kerala.gov.in

ഫോൺ: 04972-707698

തീയ്യതി : 10-08-2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),

കതിരൂർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: കതിരൂർ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ

ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്‌രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ വഴി)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഉപരിപത്രം സഹിതം)

3. കാര്യാലയ പ്രതി.

നം.കെ.എസ്.എ/കെ.എൻ.ആർ/സി.9/1279/2017.

തീയ്യതി :10-08-2017.

കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 215 (4), 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).*

ആമുഖം

കതിരൂർ ഗ്രാമ പഞ്ചായത്ത് 05-12-2016 മുതൽ 04-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം:</u>

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

..

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 05-07-2017 മുതൽ 15-07-2017 വരെ 18-07-2017 | ശ്രീ.സി.വി.ജ്യോതിഷ്കുമാർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രമേശൻ കരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ശ്രീജ. കെ. | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾഃ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ഷീബ. എം. | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ. എൻ. പവിത്രൻ | 01-04-2016 മുതൽ 29-04-2016 വരെ |
| | ശ്രീ. ഷീജ. വി.എം. അസിസ്റ്റന്റ് സെക്രട്ടറി-ചാർജ് | 30-04-2016 മുതൽ 31-07-2016 വരെ |
| | ശ്രീ. സുജിത്ത്കുമാർ പയ്യമ്പള്ളി | 01-08-2016 മുതൽ 31-03-2017 വരെ |

സി) നിർവ്വഹണ ഉദ്യോഗസ്ഥർഃ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ശ്രീകുമാർ | 01-04-2016 മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ബിൻടി ഡാനിയൽ | 01-04-2016 മുതൽ 16-09-2016 വരെ |
| | ശ്രീ. ഷീന | 17-09-2016 മുതൽ 04-12-2016 വരെ 05-03-2017 മുതൽ 31-03-2017 വരെ |
| | ശ്രീ.അനശ്രീ.എസ്. | 05-12-2016 മുതൽ 04-03-2017 വരെ |

| | | |
|---|---|---|
| വി.ഇ.ഒ. കതിരൂർ | ശ്രീ.സമീർ. കെ.കെ. | 01-04-2016 മുതൽ<br>12-06-2016 വരെ |
| | ശ്രീ. മധുസൂദനൻ. പി. | 13-06-2016 മുതൽ 31-03-2017വരെ |
| വി.ഇ.ഒ. പൊന്ന്യം | ശ്രീ. ഫെമിന ഫ്രാങ്കോ | 01-04-2016 മുതൽ<br>31-03-2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീ. രമാഭായി. എ.കെ. | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ. പ്രഭ. പി.കെ. | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ (GAD) | ഡോ. അർജ്ജുൻ. പികെ. | 1-4-2016 മുതൽ 11-8-2016 വരെ |
| | ഡോ.മുരളീമനോഹർ | 12-8-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ (GHD) | ഡോ. ഷീജ. എം | 1-4-2016 മുതൽ 31-3-2017 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. ആർ ലക്ഷമിപ്രഭ | 1-4-2016 മുതൽ 31-3-2017വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ഷീജ. വി.എം. | 1-4-2016 മുതൽ 31-3-2017വരെ |
| ഹെഡ് മാസ്റ്റർ, GLPS | ശ്രീ.ശ്യാംകുമാർ.കെ.സി | 01-4-2016 മുതൽ31-3-2017വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 - പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഗ്രാമസഭ | 1-11 |
| 12 | സംയുക്ത പ്രോജക്ടുകൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും ലഭിക്കുന്ന തുകകൾ മുഴുവനായി വിനിയോഗിക്കപ്പെടുന്നില്ല | 1-12 |
| ഭാഗം 2 –വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്താതെ വസ്തുനികുതി നിർണയിച്ചതിനാൽ ₹601യുടെ നഷ്ടം | 2-1 |
| 14 | തൊഴിൽ നികുതി അപാകങ്ങൾ | 2-2 |
| 15 | ഡി & ഒ ലൈസൻസ് അപാകങ്ങൾ | 2-3 |
| 16 | ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫോറം വില, ഇ.എം.ഡി എന്നിവ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ വരവ് വരുന്നില്ല | 2-4 |
| ഭാഗം 3 –ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | അഡ്വാൻസ് തുക ക്രമീകരിക്കുകയോ തിരിച്ച് പിടിക്കുകയോ ചെയ്തിട്ടില്ല. | 3-1 |
| 18 | പൈപ്പ് കമ്പോസ്റ്റ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ₹3,45,306 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-2 |

| | | |
|---|---|---|
| 19 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-₹5,689 യുടെ മരുന്നുകൾ ഇതുവരെയും ലഭിച്ചില്ല | 3-3 |
| 20 | ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് ₹89,260 യുടെ മരുന്ന് ഇതുവരെയും ലഭിച്ചില്ല | 3-4 |
| 21 | തെരുവു നായകളുടെ പ്രജനന നിയന്ത്രണം കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 3-5 |
| 22 | ഭവനപുനരുദ്ധാരണം - എസ്.സി -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-6 |
| 23 | സാന്ത്വന ചികിത്സ- പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുകയായ ₹49,290 തടസ്സപ്പെടുത്തുന്നു | 3-7 |
| 24 | സുസ്ഥിര ശുചിത്വ പദ്ധതി - വാഹന ഉപയോഗത്തിലെ അപാകങ്ങൾ ₹14,303 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-8 |
| 25 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ക്യാമ്പയിനുകൾ നടത്തി ₹72000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-9 |
| 26 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ - അപാകങ്ങൾ | 3-10 |
| 27 | മരാമത്ത് പ്രവൃത്തികളിൽ നിന്നും സർവ്വീസ് ടാക്സ് ഈടാക്കുന്നില്ല | 3-11 |
| ഭാഗം 4 - പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധങ്ങൾ | |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 38 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2 |
| 39 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 40 | ബാലൻസ് ഷീറ്റ് | അനുബന്ധം-4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17-ലെ ബജറ്റ് 24-2-2016-ലെ 25/16-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 16-3-2017-ലെ 32/17-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ₹ | വാർഷിക കണക്ക് പ്രകാരമുള്ളത് ₹ | വ്യത്യാസം | | |
|---|---|---|---|---|---|---|
| | | | | കൂടുതൽ | കുറവ് | ശതമാനം (+)/(-) |
| മുന്നിരിപ്പ് | 7715000 | 9201755.31 | 14648568.95 | 5446813.64 | - | (+)59.19 |

| | | | | | | |
|---|---|---|---|---|---|---|
| വരവ് | 93572700 | 27061677 | 47835093 | 20773416 | - | (+)76.76 |
| ആകെ | 101287700 | 36263432.31 | 62483661.95 | 26220229.64 | - | (+)72.30 |
| ചെലവ് | 99165000 | 26676568 | 46878562 | 20201994 | - | (+)75.73 |
| നീക്കിയിരിപ്പ് | 2122700 | 9586864 | 15605099.95 | 6018235.95 | - | (+)62.78 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 13-06-2017 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2016-17 | 15-07-2017 | വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം |

1. 2016-17-ലെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വസ്തുനികുതി Demand, Collection, Balance എന്നിവ 2015-16 വർഷത്തിലെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-15 Schedule സഞ്ചയ പ്രകാരമുള്ള Demand, Collection, Balance എന്നിവയുമായും വസ്തു നികുതിയുടെ വാർഷിക സംക്ഷിപ്ത രജിസ്റ്ററുമായും പൊരുത്തപ്പെടുന്നില്ല.

2. B7, B8 ഷെഡ്യൂളുകളിൽ കാണിച്ച ഡെപ്പോസിറ്റ് തുകകളുടെ ഇനം തിരിച്ചുള്ള വിശദവിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. 2016-17 വർഷത്തിലെ ബി-11 പട്ടികയിലെ ആസ്തി സംബന്ധിച്ച വിശദവിവരം പരിശോധിക്കുന്നതിന് ആവശ്യമായ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. എം.ജി.എൻ.ആർ.ഇ.ജി.എസ്-ന്റെ 31-03-2017-ലെ നീക്കിയിരിപ്പ് Bank Book പ്രകാരം ₹475 ഉം വാർഷിക ധനകാര്യ പത്രിക പ്രകാരം ₹609 ഉം പാസ്സ് ബുക്ക് പ്രകാരം ₹13609

കാണുന്നു.

5. B -18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ₹6800 പിരിഞ്ഞുകിട്ടാനുണ്ട് . അഡ്വാൻസ് രജിസ്റ്റർ പ്രകാരം പ്രസ്തുത തുക 2001 വർഷം മുതൽ കുടിശ്ശികയാണ്.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 14648568.95 |
| വരവ് | 47835093 |
| ആകെ | 62483661.95 |
| ചെലവ് | 46878562 |
| നീക്കിയിരിപ്പ് | 15605099.95 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി ₹ | തൻവർഷത്തെ അലോട്ട്മെന്റ് തുക ₹ (ACR പ്രകാരം) | ആകെ ₹ | ചെലവ് ₹ | ചെലവഴിക്കാത്ത തുക ₹ | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | ഇല്ല | 10718546 | 10718546 | 7523155 | 3195391 | 70.19 |
| വികസന ഫണ്ട് (എസ്.സി.പി) | ഇല്ല | 644004 | 644004 | 636504 | 7500 | 98.84 |
| വികസനഫണ്ട് (ടി.എസ്.പി) | ഇല്ല | 34737 | 34737 | 34737 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | ഇല്ല | 5240550 | 5240550 | 4551898 | 688652 | 86.86 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | ഇല്ല | 2984217 | 2984217 | 2184402 | 799815 | 73.2 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | ഇല്ല | 6011092 | 6011092 | 5285412 | 725680 | 87.93 |
| ലോകബാങ്ക് സഹായം | ഇല്ല | 3147896 | 3147896 | 2396848 | 751048 | 76.14 |
| ബി. ഫണ്ട് | ഇല്ല | 751240 | 751240 | 751240 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 305 | 9356810 | 9357115 | 9356506 | 609 | 99.99 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 120 | 52186508 | 85 | 29780342 | 6 | 35 | 65.83 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| സെക്രട്ടറി | 12 | 9 | 1976397 | 1180186 | 59.71 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 1244250 | 1144250 | 91.96 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 54 | 32 | 23707610 | 13961039 | 58.89 |
| കൃഷി ഓഫീസർ | 5 | 5 | 2307260 | 2298728 | 99.63 |
| മെഡിക്കൽ ഓഫീസർ PHC | 2 | 2 | 682750 | 681646 | 99.84 |
| മെഡിക്കൽ ഓഫീസർ GAD | 1 | 1 | 700000 | 700000 | 100 |
| മെഡിക്കൽ ഓഫീസർ GHD | 3 | 3 | 534999 | 531101 | 99.27 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 800050 | 799578 | 99.94 |
| വി.ഇ.ഒ. കതിരൂർ | 11 | 5 | 11301416 | 840674 | 7.44 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ. പൊന്ന്യം | 6 | 5 | 2397500 | 2110000 | 88 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 3613155 | 3429899 | 94.93 |
| ഹെഡ്മാസ്റ്റർ | 11 | 8 | 2921121 | 2103241 | 72 |
| ആകെ | 120 | 85 | 52186508 | 29780342 | 57.07 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3537105 | 4735414 | 1198309 | (+)33.88 |
| നികുതിയേതര വരവുകൾ | 1524761 | 2507787 | 983026 | (+)64.47 |
| മറ്റ് വരവുകൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആകെ | 5061866 | 7243201 | 2181335 | (+)43.09 |

## 1-8 ക്ഷേമപദ്ധതികൾ

2016-17 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 144240 | 103 |
| കർഷകതൊഴിലാളി പെൻഷൻ | 3583490 | 352 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 13305250 | 912 |
| വാർദ്ധക്യകാല പെൻഷൻ | 23445035 | 2008 |
| വികലാംഗ പെൻഷൻ | 2838490 | 292 |
| അവിവാഹിത പെൻഷൻ | 4237110 | 342 |
| വിവാഹ ധനസഹായം | 600000 | 20 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-07-2017-ന് 3.30 p.m-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹8,306 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-10-2014 മുതൽ 24-11-2014 വരെ | 2009-10 മുതൽ 2013-14 വരെ | 09-12-2014 |
| പെർഫോമൻസ് ഓഡിറ്റ് | 03-05-2017 | 01-01-2017 മുതൽ 31-03-2017 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 ഗ്രാമസഭ

കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 അനുസരിച്ച് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട്. ഗ്രാമസഭാ പ്രവർത്തനം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

1. ഒന്നാമത്തെ ഗ്രാമസഭ –മുൻവർഷത്തെ വികസന പ്രവർത്തനങ്ങളുടെ അവലോകനവും,

നടപ്പ് വർഷത്തെ വാർഷികപദ്ധതി നിർദ്ദേശങ്ങളും.

2. രണ്ടാമത്തെ ഗ്രാമസഭ –അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ ചർച്ചയും ഗുണഭോക്തൃ തെരഞ്ഞെടുപ്പും.

3. മൂന്നാമത്തെ ഗ്രാമസഭ –വാർഷികപദ്ധതി നിർവഹണവും, ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തനവും.

4. നാലാമത്തെ ഗ്രാമസഭ –പദ്ധതി പുരോഗതി മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും.

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും 5 തവണ വീതം ഗ്രാമസഭാ യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും ഗ്രാമസഭകളിൽ പ്രധാനമായും ഗുണഭോക്തൃതെരഞ്ഞെടുപ്പ്, തൊഴിലുറപ്പ് പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ്, തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റ് തയ്യാറാക്കൽ, വോട്ടർ പട്ടിക അംഗീകരിക്കൽ, ഭക്ഷ്യഭദ്രതാ നിയമം, മുൻഗണനാ പട്ടിക അംഗീകരിക്കൽ, എന്നിവ മാത്രമാണ് പ്രധാന ചർച്ചാവിഷയമായിട്ടുള്ളത്. മറ്റു വിഷയങ്ങളിൽ കാര്യമായ ചർച്ചകളൊന്നും ഉണ്ടായിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 03-08-2004-ലെ സർക്കുലർ നമ്പർ 22675/എൽ.3/99-ലെ 17-ാം നമ്പർ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ ചർച്ച ചെയ്യപ്പെടേണ്ടതാണെങ്കിലും ആയത് ചർച്ച ചെയ്തിട്ടില്ലെന്ന് മിനട്സുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഭരണ നിർവ്വഹണത്തിന്റെ അടിത്തറയായ ഗ്രാമസഭപ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മേൽ സൂചിപ്പിച്ച സർക്കാർ നിർദ്ദേശം പാലിക്കാനും കൂടുതൽ ജനപങ്കാളിത്തം ഉറപ്പു വരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

## **1-12** സംയുക്ത പ്രോജക്ടുകൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും ലഭിക്കുന്ന തുകകൾ മുഴുവനായി വിനിയോഗിക്കപ്പെടുന്നില്ല

വാർഷിക കണക്കിനോടനുബന്ധിച്ചുള്ള ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ₹30,01,405 സംയുക്ത പ്രോജക്ടുകൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും അവാർഡ് തുകയായും, ഗുണഭോക്തൃ വിഹിതമായും ലഭിച്ച തുകയിനത്തിൽ ചെലവഴിക്കാൻ ബാക്കിയുണ്ട്. ഈ തുകകൾ ചെലവഴിക്കാത്ത പക്ഷം തിരിച്ചടക്കേണ്ടുന്ന തുകകൾ തിരിച്ചടക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **2-1** തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്താതെ വസ്തുനികുതി നിർണയിച്ചതിനാൽ **₹601**യുടെ നഷ്ടം

ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ തറനിർമ്മിതി ഗ്രാനൈറ്റ്/മേൽത്തരം തറ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 13-03-2013-ലെ സ.ഉ.(പി)നമ്പർ 88/2013/ത.സ്വ.ഭ.വ. പ്രകാരം മേൽത്തരം തടി/ഗ്രാനൈറ്റ്/ ഇറ്റാലിയൻ മാർബിൾ/മറ്റ് വില കൂടിയ വസ്തുക്കൾ കൊണ്ട് നിർമ്മിച്ചിട്ടുള്ളതും 250ച.മീറ്ററിൽ അധികം വിസ്തീർണ്ണമുള്ളതുമായ തറയ്ക്ക് വസ്തു

നികുതി നിർണ്ണയിക്കുമ്പോൾ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% വർദ്ധനവ് വരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം 15% വർദ്ധനവ് വരുത്താതെയാണ് വസ്തു നികുതി നിർണയിച്ചിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉടമസ്ഥന്റെ പേര് : രമേശൻ പൈങ്ക

കെട്ടിടത്തിന്റെ തരം : വാസഗൃഹം

അടിസ്ഥാന വസ്തു നികുതി നിരക്ക് : ചതുരശ്ര മീറ്ററിന് ₹4

മേഖല : ദ്വിതീയം (10% ഇളവ്)

വഴി സൗകര്യം : 5 മീറ്ററിൽ കൂടുതൽ (20% വർദ്ധനവ്)

തറ നിർമിതി : ഗ്രാനൈറ്റ് (15% വർദ്ധനവ്)

നികുതി നിർണയിച്ച തീയതി : 05-09-2016

| കെട്ടിട നമ്പർ അസസ്സ്മെന്റ് നമ്പർ | തറ വിസ്തീർണ്ണം | വസ്തുനികുതി (സേവന നികുതി 10%, ഗ്രന്ഥശാലവരി 5% ഉൾപ്പെടെ) ₹ | | | രസീത് നമ്പർ തീയ്യതി |
|---|---|---|---|---|---|
| | | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് | |
| 4/622A<br>10746 | 284.17$m^2$ | 1440 | 1636 | 196 | 11601102941<br>07-09-2016 |

2. ഉടമസ്ഥന്റെ പേര് : സി.എച്ച്.ആയിശ

കെട്ടിടത്തിന്റെ തരം : വാസഗൃഹം

അടിസ്ഥാന വസ്തുനികുതി നിരക്ക് : ചതുരശ്ര മീറ്ററിന് ₹4

മേഖല : ദ്വിതീയം (10% ഇളവ്)

വഴി സൗകര്യം : 5 മീറ്ററിൽ കൂടുതൽ (20% വർദ്ധനവ്)

തറ നിർമിതി : ഗ്രാനൈറ്റ് (15%വർദ്ധനവ്)

നികുതി നിർണയിച്ച തീയതി : 23-07-2016

| കെട്ടിട നമ്പർ അസസ്സ്മെന്റ് നമ്പർ | തറ വിസ്തീർണ്ണം | വസ്തുനികുതി (സേവന നികുതി 10% ഗ്രന്ഥശാലവരി 5% ഉൾപ്പെടെ) ₹ | | | രസീത് നമ്പർ തീയ്യതി |
|---|---|---|---|---|---|
| | | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് | |
| 4/615 B | 293.8 $m^2$ | 1488 | 1690 | 202 | 11601102017 |

| | | | | | |
|---|---|---|---|---|---|
| 10730 | | | | | 23-07-2016 |

3. ഉടമസ്ഥന്റെ പേര് : നസീമ ആലിയമ്പത്ത്

കെട്ടിടത്തിന്റെ തരം : വാസഗൃഹം

അടിസ്ഥാന വസ്തുനികുതി നിരക്ക് : ചതുരശ്ര മീറ്ററിന് ₹4

മേഖല : ദ്വിതീയം (10% ഇളവ്)

വഴി സൗകര്യം : 5 മീറ്ററിൽ കൂടുതൽ (20% വർദ്ധനവ്)

തറ നിർമിതി : ഗ്രാനൈറ്റ് (15%വർദ്ധനവ്)

നികുതി നിർണയിച്ച തീയതി : 17-06-2016

| കെട്ടിട നമ്പർ അസസ്സ്മെന്റ് നമ്പർ | തറ വിസ്തീർണ്ണം | വസ്തുനികുതി (സേവന നികുതി 10% ഗ്രന്ഥശാലവരി 5% ഉൾപ്പെടെ) ₹ | | | രസീത് നമ്പർ തീയ്യതി |
|---|---|---|---|---|---|
| | | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് | |
| 1/217A<br>10715 | 293.81$m^2$ | 1488 | 1691 | 203 | 11601101437<br>17-06-2016 |

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്താതെ വസ്തുനികുതി നിർണയിച്ചതിനാൽ ₹601 യുടെ നഷ്ടമുണ്ടായിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് നഷ്ടമായ തുക ഈടാക്കേണ്ടതും ആവർത്തന നഷ്ടം ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി അപാകങ്ങൾ

1. ആധാരമെഴുത്തുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല:

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, സെക്ഷൻ 204(ii) എ(i) പ്രകാരം ഒരു തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ ആ വ്യക്തി തൊഴിൽ നികുതിക്ക് വിധേയനാകും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ വർഷങ്ങളായി ജോലി ചെയ്തു വരുന്ന നിരവധി ആധാരമെഴുത്തുകാരുണ്ടായിട്ടും അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള യാതൊരുവിധ നടപടിയും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും നാളിതുവരെ ഉണ്ടായിട്ടില്ല. ആധാരമെഴുത്തുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മുഴവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നില്ല:

1994-ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (ബി) പ്രകാരം പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന സ്ഥലങ്ങളും, കെട്ടിടങ്ങളും ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റെയും വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് സെക്രട്ടറി കെട്ടിട ഉടമസ്ഥന് നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരം കെട്ടിട ഉടമസ്ഥന് നോട്ടീസ് നൽകിയിട്ടില്ല. ആയതിനാൽ ഗാർഹികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന മുഴവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ പഞ്ചായത്തിൽ ലഭിക്കാതെ പോവുകയും തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട വരുമാനം ലഭ്യമാകാതെ പോവുകയും ചെയ്യുന്ന അവസ്ഥയുണ്ടാകും. മാത്രവുമല്ല പ്രസ്തുത കെട്ടിടങ്ങളിൽ ഡി & ഒ ലൈസൻസ് ഇല്ലാതെ വ്യാപാരം നടത്തുന്ന സ്ഥിതിയുണ്ടാവുകയും ചെയ്യും. ആയതിനാൽ സെക്ഷൻ 205 (ബി) പ്രകാരം നികുതിക്ക് വിധേയവരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ ആവശ്യപ്പെടേണ്ടതും മുഴവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-3 ഡി & ഒ ലൈസൻസ് അപാകങ്ങൾ

1. ഡി & ഒ ലൈസൻസ് ഫീസ് വിറ്റുവരവിനനുസൃതമായി ഈടാക്കിയില്ല:

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 ൽ സൂചിപ്പിച്ചിട്ടുള്ള പട്ടിക III പ്രകാരം ദിവസേനയുള്ള ശരാശരി വിറ്റുവരവിനനുസരിച്ച് ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന വ്യാപാരികളിൽ നിന്നും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്/അപേക്ഷ പ്രകാരമുള്ള ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | പേര് സംരംഭം | ദിവസേനയുള്ള വിറ്റുവരവ് ₹ | ഡി & ഒ ലൈസൻസ് ഫീസ് | | | രസീത് നം/തീയതി |
|---|---|---|---|---|---|---|---|
| | | | | ഈടാക്കിയ തുക ₹ | ഈടാക്കേണ്ട തുക ₹ | കുറവ് ₹ | |
| 1 | 4/49 | പി.വി.സുരേഷ്ബാബു സ്റ്റേഷനറി | 3000 | 50+15 | 100+25 | 60 | 11601100594 30-04-2016 |
| 2 | 12/245 | ഇ.എ.റസ്സാക്ക്അനാദി | 5100 | 100+25 | 200+50 | 125 | 11601100208 15-07-2016 |
| 3 | 3/451 | ഒ. കെ. ശശികുമാർ, സൂപ്പർ മാർക്കറ്റ് | 30000 | 500+125 | 1000+250 | 625 | 11601106996 25-02-2017 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 4/349 | അന്നരാസ്. ഇ.എ. പെപ്സി ഉല്പന്നങ്ങൾ വില്പന | 50000 | 200 | 1000 | 800 | 11601104001 25-10-2016 |
| 5 | 12/218 | മണ്ടോന്റവിടെ കല്ലമ്മൽ ദിനേശൻ, അനാദി, സ്റ്റേഷനറി | 9000 | 100+25 | 200+50 | 125 | 11601106360 09-02-2017 |
| | ആകെ | | | | | 1735 | |

ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ കുറവുവന്ന ₹1735 ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

2. ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല:

2016-17 വർഷത്തെ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന വ്യാപാരികളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | വാർഡ്/കെട്ടിട നമ്പർ | സംരംഭം |
|---|---|---|---|
| 1 | പി.വി.വാസു | 1/266 | അനാദി |
| 2 | എക്കണ്ടിമുഹമ്മദ് അസ്‌ലം | 2/296 | ഫേൻസി, ഫൂട്ട് വെയർ |
| 3 | സഫീർ കോമത്ത് | 3/541 | വർക്ക് ഷോപ്പ് |
| 4 | പി.വി.ബാലൻ | 3/614 | അനാദി |
| 5 | സലീം വി.കെ. | 4/521 | വാടക സാധനങ്ങൾ വില്പന |
| 6 | കെ.പി.ഹവാസ് | 4/293 | ഇറച്ചി കോഴി വില്പന |
| 7 | ടി.ശോഭ | 5/497 | അനാദി |

| | | | |
|---|---|---|---|
| 8 | ജിതിൻ എം.വി. | 6/147 C | വെളിച്ചെണ്ണ സ്റ്റോക്ക് ചെയ്ത് വില്പന |
| 9 | മുഹമ്മദ് സിറാജ് മുരിക്കോളി | 8/536G | ഇലക്ട്രോണിക്സ് |
| 10 | നഫീസ ആർ മിസ്രിയ | 8/536E | തുന്നൽ കട |
| 11 | ചാത്തമ്പള്ളി പ്രകാശൻ | 8/115 | അനാദി |
| 12 | എം.ഹരിദാസൻ | 11/234 | ഫ്ലോർ മില്ല് |
| 13 | പൊന്നൻ മുഹമ്മദലി | 12/124 | മത്സ്യം വില്പന |
| 14 | സി.പ്രമോദ് | 14/377 | സോമിൽ |
| 15 | നിഷ ഇ.പി. | 15/586 | സ്വർണ്ണപ്പണി |
| 16 | ഫിറോസ് കെ.കെ. | 15/698 | ടൂർസ് & ട്രാവൽസ് ഏജൻസി |
| 17 | അബ്ദുള്ള ഷാജിദ് | 15/237 | സിമന്റ്, പെയിന്റിങ് സാധനങ്ങൾ വില്പന |
| 18 | ഗിരിജ കെ.കെ. | 15/209 | സോപ്പ് ഉല്പന്നങ്ങൾ സ്റ്റോക്ക് ചെയ്ത് വില്പന |
| 19 | കെ.സി.ഖദീജ | 15/470 | വാടക സാധനങ്ങൾ വില്പന |
| 20 | പി.റഫീഖ് | 17/443 | സ്റ്റേഷനറി |

| | | | |
|---|---|---|---|
| 21 | പി.പി.പ്രമോദ് | 17/3 | ഫർണിച്ചർ നിർമ്മാണം |
| 22 | ടി.രാജീവ് | 18/14 | ഇലക്ട്രോണിക്സ് ഷോപ്പ് |
| 23 | ടി.രാജീവ് | 18/13 | തുണിക്കച്ചവടം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ17/12-07-2017) മേൽ സ്ഥാപനങ്ങൾ 2016-17 കാലയളവിൽ പ്രവർത്തിച്ചിരുന്നില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ പ്രസ്തുത കാലയളവിൽ ഇവ പ്രവർത്തിച്ചിരുന്നില്ലെന്നുള്ള ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ടോ ഡി & ഒ ലൈസൻസ് ഫീ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിത്തരണമെന്ന വ്യാപാരികളുടെ അപേക്ഷയോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കൃത്യമായൊരു അന്വേഷണം നടത്തി ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 26 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ശിക്ഷ നൽകാവുന്നതാണ്.

## 2-4 ഇ - ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫോറം വില, ഇ.എം.ഡി എന്നിവ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ വരവ് വരുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ 2016-17 വർഷം 14 പ്രോജക്ടുകൾ നടപ്പിലാക്കിയത് ഇ-ടെണ്ടർ മുഖേനയാണ്. ഈ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയിനത്തിലുള്ള 86,700/- രൂപ കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്രാദേശിക അക്കൌണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ടി തുക ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അഡ്വാൻസ് തുക ക്രമീകരിക്കുകയോ തിരിച്ചു പിടിക്കുകയോ ചെയ്തിട്ടില്ല

2016-17 വാർഷിക ധനകാര്യ പത്രിക B-18 Schedule പ്രകാരം അഡ്വാൻസ് ഇനത്തിൽ നൽകിയ ₹6800 ക്രമീകരിക്കാൻ ബാക്കിയുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ശ്രീ.കെ.രാജേന്ദ്രൻ, സെക്രട്ടറിക്ക് 10-08-2001-ന് ശമ്പള അഡ്വാൻസായി

നൽകിയ ₹6200 യും 09/2007-ൽ ശ്രീ.പി.കെ. അബ്ദുൾ ലത്തീഫ്, ഹെഡ് ക്ലാർക്കിന് ഓണം അഡ്വാൻസ് ഇനത്തിൽ നൽകിയ ₹600 യും ഉൾപ്പെടെയുള്ളതാണ് ₹6800. ആയത് 18 % പലിശ സഹിതം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 പൈപ്പ് കമ്പോസ്റ്റ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ₹3,45,306 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ കതിരൂർ

പ്രോജക്ട് നമ്പർ : 68/17

പ്രോജക്ടിന്റെ പേര് : പൈപ്പ് കമ്പോസ്റ്റ്

അടങ്കൽ : ₹4,35,375 കേന്ദ്രാവിഷ്കൃത ഫണ്ട്

: ₹1,45,125 ഗുണഭോക്തൃ വിഹിതം

ആകെ : ₹5,80,500

ചെലവ് : ₹3,45,306 TSB ചെക്ക് നമ്പർ:0728649/29-03-2017

മേൽ പ്രോജക്ട് പ്രകാരം 645 പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനു വേണ്ടി ക്ഷണിച്ച ടെണ്ടറിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത Evershine SHG Biogas Chungathara എന്ന സ്ഥാപനം നൽകിയ ടെണ്ടർ 27-02-2017-ലെ 22/17(1) തീരുമാന പ്രകാരം പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 22-03-2017-ലെ കത്ത് പ്രകാരം 466 എണ്ണം പൈപ്പ് കമ്പോസ്റ്റ് 30-03-2017 ന് മുമ്പായി വിതരണം ചെയ്യാൻ സപ്ലൈ ഓർഡർ നൽകുകയും സ്ഥാപനത്തിന് TSB Ch.0728649 dtd. 29-03-2017 പ്രകാരം ₹3,45,306 കൈമാറുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകങ്ങളുണ്ട്.

1. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള ടെണ്ടർ, കരാർ, നിരതദ്രവ്യം എന്നിവയുടെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. എത്ര പൈപ്പ് കമ്പോസ്റ്റ് സെറ്റ് വിതരണം ചെയ്തിട്ടുണ്ട് എന്നതിനുള്ള സ്ഥാപനത്തിന്റെ ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. 466 പൈപ്പ് കമ്പോസ്റ്റുകൾ വിതരണം ചെയ്യുന്നതിനാണ് സപ്ലൈ ഓഡർ നൽകിയത്. എന്നാൽ 482 പൈപ്പ് കമ്പോസ്റ്റുകൾ വിവിധ വാർഡുകളിൽ സ്ഥാപിച്ചതായുള്ള മോണിറ്ററിംഗ് റിപ്പോർട്ടാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പൈപ്പ് കമ്പോസ്റ്റുകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ വിവരവും ലഭ്യമല്ല. ആയതിനാൽ ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കാൻ ഇപ്പോഴും സാധിച്ചിട്ടില്ല. അതേസമയം പൈപ്പ് കമ്പോസ്റ്റ് സെറ്റ് ഗ്രാമ പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചതായും കാണുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/07-07-2017-നുള്ള മറുപടിയിൽ പൈപ്പ് കമ്പോസ്റ്റ് ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിച്ച് കൊടുത്ത് സ്ഥാപിക്കേണ്ട സംവിധാനം ഒരുക്കുന്നുണ്ട്

എന്ന മറുപടിയാണ് ലഭ്യമാക്കിയത്. മറ്റ് വിവരങ്ങൾ ഒന്നും ലഭ്യമാക്കിയിട്ടില്ല.

G.O(MS)No.239/2012/LSGD.dt.20-09-2012 പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം മാത്രമേ തുക നൽകാൻ പാടുള്ളൂ. എന്നാലിതിന് വിരുദ്ധമായി സാധനങ്ങൾ വിതരണം ചെയ്തയുടനെത്തന്നെ മുഴുവൻ തുകയും നൽകുകയാണ് ചെയ്തത്. ആയതിനാൽ ₹3,45,306 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പഞ്ചായത്തിൽ മോണിറ്ററിംഗ് സംവിധാനം പരാജയമാവുകയാണെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

## 3-3 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-₹5,689യുടെ മരുന്നുകൾ ഇതുവരെയും ലഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി

പ്രോജക്ട് നമ്പർ : 80/17

പ്രോജക്ടിന്റെ പേര് : ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹ 7,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവു തുക : ₹ 7,00,000 ബിൽ നമ്പർ/തീയ്യതി: 1/16-17/11-11-2016

ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ : 41120/16-11-2016

ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം മാനേജിംഗ് ഡയറക്ടർ, ഔഷധി റീ ഡിസ്ട്രിബ്യൂഷൻ സെന്റർ പരിയാരം എന്നവർക്ക് ആയുർവേദമരുന്നുകളുടെ വിലയിനത്തിൽ ₹7,00,000 നൽകിയിട്ടുണ്ട്. എന്നാൽ ₹6,94,311 യുടെ മരുന്നുകൾ മാത്രമാണ് ഔഷധി ലഭ്യമാക്കിയിട്ടുള്ളത്. ₹5,689 (7,00,000-6,94,311) യുടെ മരുന്നുകൾ ഡിസ്പെൻസറിക്ക് ഇതുവരെയും ലഭ്യമായിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ തീയ്യതി | ലഭ്യമായ മരുന്നിന്റെ വില |
|---|---|---|
| 1 | 1917/N/2016-17/30-11-2016 | 87,963 |
| 2 | 1870/N/2016-17/29-11-2016 | 2,73,309 |
| 3 | 2125/2016-17/31-12-2016 | 42,335 |
| 4 | 2372/2016-17/14-1-2017 | 1,49,434 |
| 5 | 2614/2016-17/31-1-2017 | 21,058 |

| | | |
|---|---|---|
| 6 | 2512/2016-17/27-1-2017 | 62,580 |
| 7 | 3115/2016-17/28-2-2017 | 29,614 |
| 8 | 3303/2016-17/13-3-2017 | 13,860 |
| 9 | 3620/2016-17/31-3-2017 | 3,675 |
| 10 | 90020557/7-6-2017 | 10,483 |
| | ആകെ | 6,94,311 |

5,689/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് ₹89,260യുടെ മരുന്ന് ഇതുവരെയും ലഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി

പ്രോജക്ട് നമ്പർ : 37/17

പ്രോജക്ടിന്റെപേര്: NRHM ഹോമിയോ ഡിസ്പെൻസറിക്കും, ഗവ.ഹോമിയോ ഡിസ്പെൻസറിക്കും മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹3,00,000 (വികസന ഫണ്ട്)

: ₹1,00,000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ആകെ : ₹4,00,000

ചെലവു തുക : ₹3,00,000 ബിൽ നമ്പർ/തീയ്യതി : 1/16-17/26-11-2016

: ₹1,00,000 ബിൽ നമ്പർ/തീയ്യതി : 2/16-17/26-11-2016

ആകെ : ₹4,00,000

NRHM ഹോമിയോ ഡിസ്പെൻസറിക്കും ഗവ. ഹോമിയോ ഡിസ്പെൻസറിക്കും മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം ആലപ്പുഴയിലുള്ള കേരള സ്റ്റേയിറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഹോമിയോ മരുന്നുകളുടെ വിലയിനത്തിൽ ₹4,00,000 നൽകിയിട്ടുണ്ട്. NRHMഹോമിയോ ഡിസ്പെൻസറിക്കും ഗവ. ഹോമിയോ ഡിസ്പെൻസറിക്കും ₹2,00,000 വീതം വിലയുടെ മരുന്ന് വാങ്ങുന്നതിനാണ് പ്രോജക്ട് പ്രകാരം ലക്ഷ്യമിട്ടിരുന്നത്. NRHM ഹോമിയോ ഡിസ്പെൻസറിക്ക് ₹2,00,000 യുടെ

മരുന്ന് ലഭ്യമായിട്ടുണ്ട്. എന്നാൽ ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് ഇൻവോയ്സ് നമ്പർ LF-1345/14-03-2017 പ്രകാരം ₹1,10,740 യുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ₹89,260 യുടെ മരുന്ന് ഇതുവരെയും ലഭിച്ചിട്ടില്ല. 89,260/- രൂപയുടെ മരുന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 തെരുവു നായകളുടെ പ്രജനന നിയന്ത്രണം കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 104/17

പ്രൊജക്ടിന്റെ പേര് : ABC പദ്ധതി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ

അടങ്കൽ തുക : ₹1,00,000 തനത് ഫണ്ട്

ചെലവ് തുക : ₹40,000 ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ/തീയ്യതി : 041444/30-12-2016

: ₹40,000 ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ/തീയ്യതി : 041445/30-12-2016

: ₹20,000 ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ/തീയ്യതി : 041446/30-12-2016

ആകെ : ₹1,00,000

കണ്ണൂർ ജില്ലാ പഞ്ചായത്ത് ജില്ലയിലെ മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംയുക്ത പദ്ധതിയായ തെരുവു നായ പ്രജനന നിയന്ത്രണ ABC-ARV പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കതിരൂർ ഗ്രാമ പഞ്ചായത്ത് ₹1,00,000 കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പദ്ധതി എത്രത്തോളം നടപ്പാക്കി എന്നത് സംബന്ധിച്ച വിവരമോ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ കണ്ണൂർ ജില്ലാ പഞ്ചായത്ത് നൽകിയിട്ടില്ല. ജില്ലാ പഞ്ചായത്തിൽ നിന്നും തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 ഭവനപുനരുദ്ധാരണം - എസ്.സി -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹25,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ : 95/17

പ്രോജക്ടിന്റെ പേര് : ഭവനപുനരുദ്ധാരണം - എസ്.സി

അടങ്കൽ : ₹1,50,000 വികസന ഫണ്ട് എസ്.സി.പി

ചെലവ് : ₹50,000 ബിൽ നമ്പർ : 3/16-17/12-01-2017

: ₹50,000 ബിൽ നമ്പർ : 3/16-17/25-02-2017

: ₹50,000 ബിൽ നമ്പർ : 3/16-17/31-03-2017

ആകെ : ₹1,50,000

മേൽ പദ്ധതി പ്രകാരം ഭവന പുനരുദ്ധാരണത്തിനാണ് പ്രോജക്ടിൽ തുക വകയിരുത്തുകയും 3 പേർക്ക് ₹50000 വീതം സബ്സിഡി അനുവദിക്കുകയും ചെയ്തത്. സ.ഉ.(എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ/11-01-2016 പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ അനുബന്ധം 13-ൽ ഖണ്ഡിക 3.6.5 പ്രകാരം വീട് പുനരുദ്ധാരണത്തിന് പട്ടിക ജാതി വിഭാഗത്തിന് ₹25,000 യും ഖണ്ഡിക 3.6.4 പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ ₹25,000 യുമാണ് സബ്സിഡിയായി പരമാവധി അനുവദിക്കാവുന്നത്. സ.ഉ.(സാധാ)420/16/ത.സ്വ.ഭ.വ /02-02-2016 പ്രകാരം ഭവന പുനരുദ്ധാരണം, ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ എന്നിവയ്ക്ക് 20-01-2016 മുതൽ പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പ് നിശ്ചയിക്കുന്ന നിരക്ക് അവംലബിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിരുന്നു. എന്നാൽ ഈ ഇനത്തിൽ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ ഉൾപ്പെടുന്നില്ല. ആയതിനാൽ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാനുള്ള സബ്സിഡി ₹25,000യാണ്. എന്നാൽ മേൽ പദ്ധതിയിൽ ഉൾപ്പെട്ട ലീല.കെ.പി എന്ന ഗുണഭോക്താവ് ഓവർസിയറുടെ മൂല്യനിർണ്ണയ പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കുകയാണ് ചെയ്തത്. സബ്സിഡിയായി ₹25,000 അനുവദിക്കുന്നതിന് പകരം ₹50,000 അനുവദിച്ചിട്ടുമുണ്ട്. ഇത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ആയതിനാൽ ₹25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതിന് ഉപോൽബലകമായ ഉത്തരവുകൾ ഹാജരാക്കേണ്ടതാണ്.

## 3-7 സാന്ത്വന ചികിത്സ - പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുകയായ ₹49,290 തടസ്സപ്പെടുത്തുന്നു

നിർവഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. കതിരൂർ

പ്രോജക്ട് നമ്പർ : 66/17

പ്രോജക്ടിന്റെ പേര് : സാന്ത്വന ചികിത്സ

അടങ്കൽ : ₹3,67,600 (വികസന ഫണ്ട്)

: ₹45,150 (മെയിന്റനൻസ് ഫണ്ട് –റോഡിതരം)

ആകെ : ₹4,12,750

ചെലവ് : ₹3,67,396 (വികസന ഫണ്ട്)

: ₹44,250 (മെയിന്റനൻസ് ഫണ്ട് –റോഡിതരം)

ആകെ : ₹4,11,646

സാന്ത്വന ചികിത്സാ പ്രോജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. <u>ഉപകരണങ്ങൾ ലഭിച്ചിട്ടില്ല</u>: ബിൽ നമ്പർ 17/16-17/31-03-2017 പ്രകാരം ₹25000 മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 11-02-2017-ലെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ഉപകരണങ്ങൾ നൽകുന്നതിനായി മുൻകൂർ നല്കിയിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സിന്റെ കൂടെയുള്ള കത്തിൽ കാരുണ്യ മെഡിസിൻ ഡിപ്പോ, തേവള്ളി പാലത്തിനു സമീപം, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും ഡിമാന്റ് ഡ്രാഫ്റ്റ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ മരുന്നുകളുടെ ലഭ്യത അനുസരിച്ച് അതാത് ഡിപ്പോകളിൽ നിന്നും ആശുപത്രികളിൽ മരുന്നുകൾ എത്തിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്)4/2016/ത.സ്വ.ഭ.വ/11-01-2016 അനുബന്ധം 15 ഖണ്ഡിക 7.4 പ്രകാരം തദ്ദേശ ഭരണസ്ഥാപനങ്ങൾ അവയുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്നുകൾ വാങ്ങി നൽകുന്നതിനു മുമ്പായി ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചിരിക്കണം എന്നാൽ ഇത്തരം സാക്ഷ്യപത്രം ഇല്ലാതെയാണ് ഉപകരണങ്ങൾ വാങ്ങുന്നതിന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക മുൻകൂർ കൈമാറിയിരിക്കുന്നത്. കൂടാതെ ഇതുവരെയും ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുകയായ ₹25000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. <u>ഉപകരണങ്ങളുടെ സ്റ്റോക്ക് ഹാജരാക്കിയിട്ടില്ല</u>: സാന്ത്വന ചികിത്സയ്ക്കാവശ്യമായ One touch select glucometer strip, one touch select glucometer എന്നിവ വാങ്ങുന്നതിന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് അയക്കുകയുണ്ടായി. ഇതിനുള്ള മറുപടി അയച്ച കത്തിൽ തന്നെ താഴെ പറയുന്ന വാക്യത്തോടു കൂടിയ സീൽ പതിപ്പിച്ച് നൽകുകയാണുണ്ടായത്. "മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ട മരുന്നുകളും അനുബന്ധ സാധനങ്ങളും പദ്ധതി ആവശ്യത്തിന് ഉപയോഗിക്കേണ്ടതാകയാൽ മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ജില്ലാ സംഭരണശാലയിൽ നിന്നും വിതരണം ചെയ്യുന്നതല്ലെന്നും ആരോഗ്യ വകുപ്പ് ഡയറക്ടറുടെയോ ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറുടെയോ അനുമതിയോടെ മാത്രമേ മരുന്നുകൾ വിതരണം ചെയ്യുകയുള്ളൂ." ഈ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ പ്രകാരം സൗഖ്യ മെഡിക്കൽസിൽ നിന്നും ₹23000 ന് One touch select glucometer strip ഉം Planet medicals ൽ നിന്നും നേരിട്ട് ₹1290 one touch select glucometer ഉം വാങ്ങിയിട്ടുണ്ട് (ബിൽ നമ്പർ 18/16-17/31-03-2017 പ്രകാരം ₹44250 ). ജി.ഒ (എം.എസ്)4/2016/ ത.സ്വ.ഭ.വ/11-01-2016 അനുബന്ധം 15 ഖണ്ഡിക 7.4 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്നുകൾ വാങ്ങി നൽകുന്നതിനു മുമ്പായി ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചിരിക്കണം. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും ആരോഗ്യ സ്ഥാപനങ്ങളിലേക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയല്ലാതെയും മരുന്നുകൾ വാങ്ങാനോ മരുന്നിനു വേണ്ടി തുക ചെലവഴിക്കാനോ പാടില്ല എന്നും അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നു മാത്രമേ വാങ്ങാവൂ എന്നും പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി ഉപകരണങ്ങൾ വാങ്ങിയതിനാലും വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ വിവരം ലഭ്യമാക്കാത്തതിനാലും ചെലവ് തുക ₹24290 ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു. ക്രമ നമ്പർ 1-ൽ ചൂണ്ടിക്കാണിച്ച ഉപകരണങ്ങൾ മേൽ സാക്ഷ്യപത്രങ്ങൾ ഒന്നും കൂടാതെ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വിതരണം ചെയ്യുന്നതിന് തയ്യാറായിട്ടുണ്ട്. ഇതിൽ നിന്നും ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് മെഡിക്കൽ സർവീസസ് കോർപ്പറേഷന് തടസ്സമില്ല എന്ന് വ്യക്തമാണ്. ആവശ്യമായ ഉപകരണങ്ങൾ ലഭ്യമല്ല എന്ന സാക്ഷ്യപത്രം നൽകേണ്ടതിനു പകരം സർക്കാർ ഉത്തരവിന് വിരുദ്ധമായി സാക്ഷ്യപത്രം നൽകിയത് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3. ഉത്തരവിന് വിരുദ്ധമായി ഭക്ഷണത്തിന് ചെലവ് ചെയ്യുന്നു: സ.ഉ.(സാധാ) നം.3217/2015 /ത.സ്വ.ഭ.വ തീയ്യതി 29-10-2015 ഖണ്ഡിക 2.6.3.3 പ്രകാരം ഹോംകെയർ ദിനങ്ങളിൽ ഗൃഹസന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് (പരമാവധി 3 പേർക്ക്) ആവശ്യമായി വരുന്ന ഭക്ഷണ ചെലവ് (ഒരാൾക്ക് ഒരു ദിവസം പരമാവധി ₹60) പ്രോജക്ടിൽ വകയിരുത്താവുന്നതും പി.എം.സി.യുടെ തീരുമാന പ്രകാരം ചെലവഴിക്കാവുന്നതുമാണ്. എന്നും പ്രസ്തുത തുക സ.ഉ.(സാധാ)നം.2039/2016/ത.സ്വ.ഭ.വ. തീയ്യതി 30-06-2016 പ്രകാരം പരമാവധി ₹250 യായി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഭക്ഷണ ചെലവിനുള്ള വൗച്ചർ പ്രകാരം 5 പേർക്ക് ₹50 പ്രകാരം ഭക്ഷണ ചെലവിന് തുക ചെലവഴിച്ചിതായി കാണുന്നു. ഹോംകെയർ ടീമിൽ ആരൊക്കെ പങ്കെടുത്തു എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. ഭക്ഷണത്തിനു ചെലവഴിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയ്യതി | തുക ₹ | ഭക്ഷണത്തിനു ചെലവഴിച്ച തുക ₹ |
|---|---|---|---|
| 1 | 01/16-17/31-10-2016 | 56500 | 15800 |
| 2 | 03/16-17/31-10-2016 | 46650 | 10000 |
| 3 | 15/16-17/02-12-2016 | 17700 | 5000 |
| 4 | 11/16-17/24-01-2017 | 16000 | 10000 |
| 5 | 14/16-17/10-03-2017 | 37300 | 10000 |
| ആകെ | | | 50800 |

4. വാഹന ഉപയോഗം: ഹോം കെയർ ടീമിനായി ഉപയോഗിക്കുന്നതിന് പഞ്ചായത്തിന് സ്വന്തമായി ആംബുലൻസുണ്ട്. എന്നാൽ വാഹനത്തിന്റെ ഇന്ധന ക്ഷമത പരിശോധിച്ചതിന്റെ

വിവരമോ ഇന്ധന ഉപയോഗ വിവരമോ ലോഗ് ബുക്കിൽ ചേർത്തിട്ടില്ല.

മേൽപ്പറഞ്ഞ അപാകങ്ങൾ പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-8 സുസ്ഥിര ശുചിത്വ പദ്ധതി - വാഹന ഉപയോഗത്തിലെ അപാകങ്ങൾ - ₹14,303 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വി.ഇ.ഒ. കതിരൂർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സുസ്ഥിര ശുചിത്വ പദ്ധതിയിൽ (പ്രോജക്ട് നം-117/17) പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് ഉപയോഗിക്കുന്ന KL.58.E.7893 ഗുഡ്സ് ഓട്ടോയുടെ ലോഗ് ബുക്ക് സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഡീസൽ അടിക്കുന്നതിന്റെ വിവരവും ഇന്ധന ഉപഭോഗത്തിന്റെ വിവരവും ലോഗ് ബുക്കിൽ ചേർക്കുന്നില്ല. കൂടാതെ വാഹനത്തിന്റെ ഇന്ധനക്ഷമതയെക്കുറിച്ചുള്ള സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ ഗുഡ്സ് ഓട്ടോയ്ക്ക് ഡീസലടിക്കുന്നതിന് ചെലവഴിച്ച ₹14303യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ തീയ്യതി | തുക ₹ |
|---|---|---|
| 1 | 2108072/15-11-2016 | 7404 |
| 2 | 2108077/03-12-2016 | 1335 |
| 3 | 5781603/04-01-2017 | 1326 |
| 4 | 5781616/06-02-2017 | 1394 |
| 5 | 50949/03-03-2017 | 1422 |
| 6 | 728645/27-03-2017 | 1422 |
| | ആകെ | 14303 |

ഇന്ധന ഉപഭോഗത്തിന്റെ വിവരം ലോഗ് ബുക്കിൽ ചേർക്കേണ്ടതും ഇന്ധനക്ഷമത പരിശോധിച്ച് സാക്ഷ്യപത്രം ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണ്.

## 3-9 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ക്യാമ്പയിനുകൾ നടത്തി ₹72000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ. കതിരൂർ

പ്രോജക്ട് നമ്പർ/പേര് : 102/17-വിവര വിജ്ഞാന വ്യാപനം ശുചിത്വത്തിന്

അടങ്കൽ : ₹72000 (തനത് ഫണ്ട്)

ചെലവ് : ₹72000

പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും ഗ്രന്ഥാലയങ്ങൾ കേന്ദ്രീകരിച്ച് പൊതുജനങ്ങൾക്കും ഗ്രാമപഞ്ചായത്തിൽ വെച്ച് കുടുംബശ്രീ പ്രവർത്തകർക്കും സമ്പൂർണ്ണ ശുചിത്വ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുകയാണ് ചെയ്തിട്ടുള്ളത്. സ.ഉ.(എം.എസ്)നമ്പർ 4/2016/തസ്വഭവ/11-01-2016 പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ അനുബന്ധം 13-ൽ ഖണ്ഡിക 7-7 പ്രകാരം ഉൽപാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം.12/11-07-2017-നുള്ള മറുപടിയിൽ ഡി.പി.സി. അംഗീകരിച്ച പ്രോജക്ടായതിനാലാണ് നടപ്പിലാക്കിയത് എന്നും സർക്കാർ ഉത്തരവ് ശ്രദ്ധിക്കാതെ നടപ്പിലാക്കിയത് പോരായ്മയാണെന്നും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകില്ല എന്നുമാണ് അറിയിച്ചത്. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി താഴെ പറയും പ്രകാരം ചെലവഴിച്ച ₹72000 തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ തീയ്യതി | തുക ₹ |
|---|---|---|
| 1 | 2108073/24-11-2016 | 7,000 |
| 2 | 509041/18-02-2017 | 10,000 |
| 3 | 509054/23-03-2017 | 5,000 |
| 4 | 509060/25-03-2017 | 28,000 |
| 5 | 0728650/29-03-2017 | 22,000 |
| ആകെ | | 72,000 |

## 3-10 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ - അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ : 63/17

പ്രോജക്ടിന്റെ പേര് : എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ

അടങ്കൽ : ₹2,07,500 (വികസന ഫണ്ട് –എസ്.സി.പി)

ചെലവ് : ₹82,500 ബിൽ നമ്പർ : 1/16-17/16-11-2016

: ₹1,25,000 ബിൽ നമ്പർ : 25/16-17/25-03-2017

ആകെ : ₹2,07,500

മേൽ പ്രോജക്ട് പ്രകാരം Egapow I T Solution എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ പ്രകാരം ₹1,25,000 യ്ക്ക് 5 DELL കമ്പ്യൂട്ടറുകളും, കെൽട്രോണിൽ നിന്ന് ടെണ്ടർ നടപടിക്രമങ്ങളൊന്നും പാലിക്കാതെ ₹82,500 യ്ക്ക് 3 Acer കമ്പ്യൂട്ടറുകളും വാങ്ങുകയുണ്ടായി. ജി.ഒ.(പി)1/2006/എസ്.പി.ഡി 02-02-2006 പ്രകാരം ഓർഡർ തുകയുടെ 50 ശതമാനത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാന്റുകളാണെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിക്കണമെന്നും ജി.ഒ(ആർ.ടി) 3299/2016/ത.സ്വ.ഭ.വ/02-12-16 പ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ സർക്കാർ, അർദ്ധസർക്കാർ, ഗവൺമെന്റ് അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്ന് വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വാങ്ങിക്കുന്ന ലാപ്പ് ടോപ്പുകൾ ഐ.ടി.മിഷൻ നിർദ്ദേശിക്കുന്ന മിഡ് ലെവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ ആയിരിക്കണമെന്നും സ.ഉ.(സാധാ)നം.397/2017/ത.സ്വ.ഭ.വ/13-02-2017 (സി.സി.തീരുമാനം 01-02-2017)ൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കളെ അയൽസഭയും ഗ്രാമസഭയും അംഗീകരിച്ചിരിക്കണം എന്ന് സ.ഉ.(എം.എസ്)നമ്പർ 4/2016 /തസ്വഭവ/11-01-2016 പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6-8-6-ലും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥകളൊന്നും പാലിച്ചിട്ടില്ല. മേൽ അപാകങ്ങളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 മരാമത്ത് പ്രവൃത്തികളിൽ നിന്നും സർവ്വീസ് ടാക്സ് ഈടാക്കുന്നില്ല

2016-17 പദ്ധതി വർഷത്തിൽ കെട്ടിട നിർമ്മാണം, കെട്ടിട അറ്റകുറ്റപണി എന്നീ മരാമത്ത് പ്രൊജക്ടുകൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ മേഖലയിൽ നടപ്പാക്കിയിട്ടുണ്ട്. സർവ്വീസ് ടാക്സ് നിയമപ്രകാരം കെട്ടിട നിർമ്മാണം, കെട്ടിട അറ്റകുറ്റ പണി പ്രവൃത്തികളിൽ നിന്ന് സർവ്വീസ് ടാക്സ് ഈടാക്കി ഒടുക്കേണ്ടതുണ്ട്. 2016-17 വർഷം നടപ്പാക്കിയ 32 പ്രൊജക്ടുകളിൽ 1 പ്രോജക്ട് കെട്ടിട നിർമ്മാണവും 11 പ്രൊജക്ടുകൾ കെട്ടിട അറ്റകുറ്റപണി നടത്തിയ പ്രോജക്ടുകളുമാണ്. മേൽ പ്രൊജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സർവ്വീസ് ടാക്സ് ഈടാക്കിയതിന്റെ വിവരം ലഭ്യമായിട്ടില്ല. കെട്ടിട നിർമ്മാണ, കെട്ടിട അറ്റകുറ്റപണികൾ എന്നിവയുടെ കരാർ എടുത്തവർ സർവ്വീസ് ടാക്സ് രജിസ്ട്രേഷൻ എടുത്തതിന്റെ വിവരവും ലഭ്യമായിട്ടില്ല. ചെലവ് തുകയ്ക്കനുസൃതമായി സർവ്വീസ് ടാക്സ് ഒടുക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പ്രോജക്ട് നമ്പർ പേര് | ചെലവഴിച്ച തുക ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1,61,375 | 81/17 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,61,375 | ഇല്ല |

മുൻവർഷങ്ങളിലേതായും ഭീമമായ തുകകൾ ഇങ്ങനെ വിനിയോഗിക്കാൻ ബാക്കിയുണ്ട്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ തീയ്യതി | തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| KSEB | 123/17 കതിരൂർ ഗ്രാമ പഞ്ചായത്ത് സമ്പൂർണ്ണ വൈദ്യുതീകരണം | 21601285 30-03-2017 | 206100 | 206100 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹33,200 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീതി നമ്പർ തീയ്യതി |
|---|---|---|---|---|
| 2013-14, 2014-15 | 2-1 | 300 | എഴുത്താൻ ബാലൻ | 11601102555/20-08-2016 |
| | 2-1 | 1700 | സപ്ലൈക്കോ സൂപ്പർ മാർക്കറ്റ് | 11601102717/29-08-2016 |
| | 2-3 | 5000 | NES ഇംഗ്ലീഷ് മീഡിയം സ്കൂൾ | 11601102969/08-09-2016 |
| | 2-3 | 17500 | ഏബിൾ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 11601102774/31-08-2016 |
| | 2-4 | 250 | ഷർമിള, ക്ലർക്ക്, GVHSS | 11601103118/20-09-2016 |
| | 2-4 | 150 | തങ്കമ്മ, ശ്രേയസ് ഹോസ്പിറ്റൽ | 11601102712/29-09-2016 |
| | 2-4 | 150 | സുജാത, ശ്രേയസ് ഹോസ്പിറ്റൽ | 11601102712/29-09-2016 |
| | 2-4 | 120 | ധനലക്ഷ്മി, ശ്രേയസ് ഹോസ്പിറ്റൽ | 11601102712/29-09-2016 |
| | 2-4 | 120 | മഹിജ, ശ്രേയസ് ഹോസ്പിറ്റൽ | 11601102712/29-09-2016 |
| | 2-4 | 120 | ഷിംന, ശ്രേയസ് ഹോസ്പിറ്റൽ | 11601102712/29-09-2016 |

| | | | | |
|---|---|---|---|---|
| | 2-4 | 120 | ശ്രേയ,<br>ശ്രേയസ് ഹോസ്പിറ്റൽ | 11601102712/29-09-2016 |
| 2015-16 | 2-3 | 1550 | ശൈലജ രാമദാസ് | 11601105163/09-12-2016 |
| | 2-3 | 1000 | Dr. പി.കെ. ചന്ദ്രൻ | 11601107214/28-02-2017 |
| | 2-4 | 1550 | ശൈലജ രാമദാസ് | 11601105163/09-12-2016 |
| | 2-4 | 1000 | Dr. പി.കെ. ചന്ദ്രൻ | 11601107214/28-02-2017 |
| | 2-4 | 2000 | Dr. സുഹാസിനി | 11601105812/5-01-2017 |
| | 2-5 | 235 | വയലപ്രോൻമോഹനൻ | 11601106056/23-01-2017 |
| | 2-5 | 35 | ജീജ ആനന്ദ് | 11601106008/20-01-2017 |
| | 2-5 | 50 | പുരുഷു. എം. | 11601106101/25-01-2017 |
| | 2-6 | 50 | രജിത. കെ.കെ | 11601106216/05-02-2017 |
| | 2-6 | 200 | ആർ. വിനിത | 11601106063/24-01-2017 |
| ആകെ | | 33,200 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 4,78,35,093 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 4,68,78,562 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | 2,336 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 5,05,899 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 2-1 | 601 | ഷീജ വി.എം., അസി.സെക്രട്ടറി –405/-<br>സുജിത്ത്കുമാർ പയ്യമ്പള്ളി, സെക്രട്ടറി –196/- |
| 2-3-1 | 1,735 | ഷീജ വി.എം., അസി.സെക്രട്ടറി – 185/-<br>സുജിത്ത്കുമാർ പയ്യമ്പള്ളി, സെക്രട്ടറി –1550/- |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 3-2 | 3,45,306 | ശ്രീ.മധുസൂദനൻ.പി., വി.ഇ.ഒ. കതിരൂർ |
| 3-6 | 25,000 | ശ്രീമതി.ഷീജ. വി.എം |
| 3-7 | 49,290 | ഡോ.പ്രഭ. പി.കെ. |
| 3-8 | 14,303 | ശ്രീ.മധുസൂദനൻ.പി., വി.ഇ.ഒ. കതിരൂർ |
| 3-9 | 72,000 | ശ്രീ.മധുസൂദനൻ. പി., വി.ഇ.ഒ. കതിരൂർ |
| ആകെ | 5,05,899 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ഉത്തരവാദിയായവരുടെ പേര് | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷീജ. വി.എം. | അസി.സെക്രട്ടറി,<br>കതിരൂർ ഗ്രാമപഞ്ചായത്ത് | ശിവനളിനം,<br>കൊളശ്ശേരി,<br>കാവുംഭാഗം.പി.ഒ.,<br>തലശ്ശേരി. |
| സുജിത്ത്കുമാർ പയ്യമ്പള്ളി | സെക്രട്ടറി,<br>കതിരൂർ ഗ്രാമപഞ്ചായത്ത് | രാജു ഭവൻ,<br>പിണറായി. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്/സി.7/709/05(2)<br>തീയതി 22-02-2008 | 7 |
| 2000-01 | എൽ.എഫ്/സി.8/1025/03<br>തീയതി 16-10-2003 (പ്ലാൻ) | 11 |
| 2001-02 | എൽ.എഫ്/സി.7/993/04(2)<br>തീയതി 17-01-2005 (വാർഷികം) | 5 |
| 2003-04 | എൽ.എഫ്/കെ.എൻ.ആർ/സി.5/1942/11<br>തീയതി 17-01-2012 | 11 |
| 2004-05 | എൽ.എഫ്/കെ.എൻ.ആർ/സി.3/2050<br>തീയതി 13-03-2012 | 13 |
| 2005-06 | എൽ.എഫ്/കെ.എൻ.ആർ/സി.3/2052<br>തീയതി 12-03-2012 | 13 |
| 2006-07 | എൽ.എഫ്/കെ.എൻ.ആർ/സി.3/1510/2011<br>തീയതി 14-12-2011 | 17 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/സി.3/539/2014<br>തീയതി 13-05-2014 | 6 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/സി.5/788/<br>തീയതി 20-03-2012 | 15 |

| | | |
|---|---|---|
| 2009-10<br>2010-11 | എൽ.എഫ്/കെ.എൻ.ആർ/സി.3/1233/13<br>തീയതി 07-10-2013 | 26 |
| 2011-12<br>2012-13 | എൽ.എഫ്/കെ.എൻ.ആർ/സി.3/27/15<br>തീയതി 04-02-2015 | 18 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.3/1196/2016<br>തീയതി 12-07-2016 | 15 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.9/180/2017<br>തീയതി 08-02-2017 | 12 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി9/1279/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഫോൺ: 0497 2707698
ഇ മെയിൽ:doknr.ksad@kerala.gov.in
തീയ്യതി:10-08-2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 215-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

No.KSA/KNR/C9/1279/2017.

Kerala State Audit Department
District Audit Office, Kannur,

E-mail:doknr.ksad@kerala.gov.in

Phone: 04972 707698

Date:10-08-2017.

Certified that I have audited the Annual Financial Statement of Kadiroor Grama Panchayat in Kannur District for the year ended on 31-03-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kadiroor Grama panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director,

District Audit Office, Kannur.

## അനുബന്ധം-2

# RECEIPT AND PAYMENT STATEMENT OF KADIRUR GRAMA PANCHAYAT FOR THE PERIOD FROM 01-04-2016 TO 31-03-2017

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 14648568.95<br>0 |
| | Receipts | | |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1320090 |
| 140000000 | Fees & User Charges | RP-4 | 1915541 |
| 150000000 | Sale & Hire Charges | RP-5 | 79824 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 10474684 |
| 171000000 | Interest Earned | RP-9 | 65813 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 29614888 |
| 350000000 | Other Liabilities | RP-36 | 91120 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 300477 |
| Non operating | | | |
| 180000000 | Other Income | RP-10 | 7002 |
| 340000000 | Earmarked Fund | RP-29 | 99135 |
| 350000000 | Deposits Received | RP-34 | 39125 |
| 431000000 | Other Liabilities | RP-36 | 160390 |
| 460000000 | Sundry Debtors (Receivables) | RP-43 | 3554454 |
| 460000000 | Loans,Advances and Deposits | RP-47 | 112550 |
| Grand Total | | | 62483661.95 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2729178 |
| 220000000 | Administrative Expenses | RP-12 | 1342211 |
| 230000000 | Operations & Maintenance | RP-13 | 825686 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 2109942 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 11041059 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1484408 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 432689 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 751240 |
| 255000000 | Maintance Projects | RP-20 | 5865623 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds- Revenue Expenses | RP-21 | 58000 |
| 260000000 | Grants Contributions and Compensations from OwnFund | RP-22 | 45700 |
| 280000000 | Prior Perid Items | RP-26 | 32034 |
| 350000000 | Othes Liabilities | RP-36 | 9340570 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 77 |
| 280000000 | Prior Period Item | RP-26 | -29430 |
| 311000000 | Earmarked Funds | RP-29 | 10600 |
| 340000000 | Deposits Received | RP-34 | 4100 |
| 350000000 | Other Liabilities | RP-36 | 1903884 |
| 410000000 | Fixed Assets | RP-38 | 534451 |
| 412000000 | Capital Work in Progress | RP-40 | 8042798 |
| 460000000 | Loans, Advances and Deposits | RP-47 | 353742 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 15605099.95<br>0 |
| Grand Total | | | 62483661.95 |

## അനുബന്ധം-3

# INCOME AND EXPENDITURE STATEMENT OF KADIRUR GRAMA PANCHAYAT FOR THE PERIOD FROM 1-4-2016 TO 31-3-2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4625105 |
| 130000000 | Rental Income from panchayat properties | I-3 | 48480 |
| 140000000 | Fees & User Charges | I-4(b) | 2010106 |
| 150000000 | Sale & Hire Charges | I-5(b) | 79924 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 88730791 |
| 171000000 | Interest Earned | I-8 | 65813 |
| 180000000 | Other Income | I-9 | 7002 |
| A | Total Income | | 95567221 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9737664 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 1342211 |
| 230000000 | Operations & Maintenance | I-12(b) | 4611055 |
| 240000000 | Interest & Finance Charges | I-13 | 77 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 6548455 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 17113639 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1484408 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 432689 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 48160615 |
| 255000000 | Maintance Projects | I-14(e) | 5865623 |
| 256000000 | Other Revenue Grants and Funds Revenue Expenses | I-15(a) | 58000 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 45700 |
| 272000000 | Depreciation | I-17(a) | 698194 |
| B | Total Expenditure | | 96098330 |
| C=A-B | Gross Surplus / Defict Income over Expenditure | | -531109 |
| D=280000000 | Prior Period Item | I-18 | -420179.2 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | -110929.8 |
| | Net Balance being Surplus/Defict carried over to | | |

| | | | |
|---|---|---|---|
| | Balance Sheet (Panchayat Fund) | | |

**അനുബന്ധം-4**

# BALANCE SHEET OF KADIRUR GRAMA PANCHAYAT AS ON 31-3-2017

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 14879664.92 |
| 311000000 | Earmarked Funds | B-2 | 112351 |
| 312000000 | Reserves | B-3 | 41813905 |
| | Total Reserve & Surplus | | 56805920.92 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 3001405 |
| | Total Grants, Contribution for specific purposes | | 3001405 |

| | | | |
|---|---|---|---|
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 240881 |
| 341000000 | Deposit Works | B-8 | 2402 |
| 350000000 | Other Liabilities | B-9 | 1557666.44 |
| | Total Current Liabilities and Provisions | | 1800949.44 |
| | TOTAL LIABILITIES | | 61608275.36 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 52831632 |
| 411000000 | Accumulated Depreciation | B-11 | -8208571.59 |
| 412000000 | Capital Work In Progress | B-11(a) | 321054 |
| | Total Fixed Assets | | 44944114.41 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1045416 |
| 450000000 | Cash and Bank balance | B-17 | 15605099.95 |
| 460000000 | Loans, Advances and Deposits | B-18 | 13645 |
| | Total Current Assets,Loans and Advances | | 16664160.95 |
| | TOTAL ASSETS | | 61608275.36 |